ജാമ്യ വ്യവസ്ഥ ലംഘിച്ച കുറ്റവാളിയുടെ ജാമ്യം റദ്ദ് ചെയ്ത് ജയിലിലടച്ചു. പാറക്കടവ് കുറുമശേരി പള്ളിയറക്കൽ വീട്ടിൽ വിനേഷ് (കണ്ണൻ സ്രാങ്ക് 42) ന്റെ ജാമ്യമാണ് റദ്ദാക്കിയത്. കുറുമശേരിയിൽ ജയപ്രകാശ് എന്നയാൾ കൊല്ലപ്പെട്ട കേസിലെ പ്രതിയായ ഇയാൾക്ക് ഉപാധികളോടെ കോടതി ജാമ്യം അനുവദിച്ചിരുന്നു. വ്യവസ്ഥകൾ ലംഘിച്ച് കഴിഞ്ഞ മാർച്ചിൽ കുറുമശേരിയിലെ വ്യാപാരിയെ ഭീഷണിപ്പെടുത്തി പണം അപഹരിക്കാൻ ശ്രമിക്കുകയായിരുന്നു.